കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ

243 (1300) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ സർക്കാർ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്;

(സി) നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വില വർദ്ധനവും കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ ചകിരി സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെത്തുടർന്ന് ഉൽപ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ, ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ഈ നടപടികളിലൂടെ കയർ മേഖലയിലെ പ്രതിസന്ധി വളരെയധികം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കയർ മേഖലയിലെ പ്രതിസന്ധി നേരിടുന്നതിന് സർക്കാരിന് സമർപ്പിക്കപ്പെട്ട ചില പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കയർ മേഖലയിലെ ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്കും കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി.
2. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണം പരിഷ്കരിക്കുന്നതിനുള്ള പദ്ധതി.
3. കയർ മേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly

4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്ന പദ്ധതി.

5. കയർ മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി മെഷിനറികൾ, അടിസ്ഥാന സൗകര്യം എന്നിവ നൽകുന്ന പദ്ധതി.

6. പ്രൊജക്ട് അധിഷ്ഠിത സഹായം നൽകുന്നതിനുള്ള പദ്ധതികൾ.

(സി) കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 4,86,20,000 രൂപ 2013-14-ൽ അനുവദിച്ചത് പ്രകാരം കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23-വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. കൂടാതെ, മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13-ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും 2013-14-ൽ 78 സംഘങ്ങൾക്ക് 1,45,25,260 രൂപയും നടപ്പുവർഷം 8,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 360 രൂപയായും വർദ്ധിപ്പിച്ചു. കയർപിരി, ഡീഫൈബറിംഗ് മേഖലകളിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 5,30,88,482 രൂപയും അനുവദിച്ചിട്ടുണ്ട്.

നിലവിലുള്ള തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് പുറമെ ചെറുതും വലുതുമായ ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കുന്നു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ ഒരു പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകികഴിഞ്ഞു. ഉൽപ്പാദനച്ചെലവിന് അനുസൃതമായി വില നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് 2013-14-ൽ 3 കോടി രൂപയും നടപ്പുവർഷം ഇതുവരെ 4 കോടി രൂപയും പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly